# 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്

## 2005-ലെ 3-ാം ആക്റ്റ്

### ഉള്ളടക്കം

പീഠിക

വകുപ്പുകൾ :

1. ചുരുക്കപ്പേരും പ്രാരംഭവും
2. 7-ാം വകുപ്പിനുള്ള ഭേദഗതി
3. 8-ാം വകുപ്പിനുള്ള ഭേദഗതി
4. 9-ാം വകുപ്പിനുള്ള ഭേദഗതി
5. 10-ാം വകുപ്പിനുള്ള ഭേദഗതി
6. 10 എ വകുപ്പ് വിട്ടുകളയൽ
7. 11-ാം വകുപ്പിനുള്ള ഭേദഗതി
8. റദ്ദാക്കലും ഒഴിവാക്കലും

LIBRARY ARCHIVES Kerala Legislative Assembly

## 2005-ലെ 3-ാം ആക്റ്റ്

# 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് *

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള
ഒരു

## ആക്റ്റ്

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തി ആറാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് 2005 ജനുവരി 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 7-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 7-ാം വകുപ്പിൽ,—

(1) (4)-ാം ഉപവകുപ്പിൽ, "10-ാം വകുപ്പിൻകീഴിൽ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "10-ാം വകുപ്പ് (1 ബി) ഉപവകുപ്പിൻകീഴിൽ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(2) (6)-ാം ഉപവകുപ്പിൽ, "10-ാം വകുപ്പിൻകീഴിൽ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "10-ാം വകുപ്പ് (1 ബി) ഉപവകുപ്പിൻകീഴിൽ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

3. 8-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 8-ാം വകുപ്പിൽ,—

(1) (4)-ാം ഉപവകുപ്പിൽ, "10-ാം വകുപ്പിൻകീഴിൽ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "10-ാം വകുപ്പ് (1 ബി) ഉപവകുപ്പിൻകീഴിൽ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(2) (6)-ാം ഉപവകുപ്പിൽ, "10-ാം വകുപ്പിൻകീഴിൽ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "10-ാം വകുപ്പ് (1 ബി) ഉപവകുപ്പിൻകീഴിൽ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

* Received the assent of the Governor on the 8th day of March, 2005 and published in the Kerala Gazette Extraordinary No. 525 dated 9th March, 2005

LIBRARY ARCHIVES Kerala Legislative Assembly

4. 9-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ,—

(1) (4)-ാം ഉപവകുപ്പിൽ, "10-ാം വകുപ്പിൻകീഴിൽ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "10-ാം വകുപ്പ് (1 .ബി) ഉപവകുപ്പിൻകീഴിൽ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(2) (6)-ാം ഉപവകുപ്പിൽ, "10-ാം വകുപ്പ്" പ്രകാരം എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "10-ാം വകുപ്പ് (1 ബി) ഉപവകുപ്പിൻകീഴിൽ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

5. 10-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 10-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ,—(എ) "6-ാം വകുപ്പ് പ്രകാരം ഏതെങ്കിലും തരത്തിലുള്ള ഒരു പഞ്ചായത്തിന്റെ അംഗസംഖ്യ നിശ്ചയിച്ചതിനും പട്ടികജാതികൾക്കും പട്ടികവർഗ്ഗക്കാർക്കും സ്ത്രീകൾക്കും സംവരണം ചെയ്യാനുള്ള സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിച്ചതിനുംശേഷം കഴിയുന്നത്ര വേഗത്തിൽ "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ അത് ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾക്കും അക്കത്തിനും പകരം "സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ അദ്ധ്യക്ഷനായും ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നാല് ഉദ്യോഗസ്ഥരെ അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കേണ്ടതാണ്. പ്രസ്തുത ഡീലിമിറ്റേഷൻ കമ്മീഷൻ, 6-ാം വകുപ്പ് പ്രകാരം ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തിന്റെ അംഗസംഖ്യ നിശ്ചയിച്ചതിനും പട്ടികജാതികൾക്കും പട്ടികവർഗ്ഗക്കാർക്കും സ്ത്രീകൾക്കും സംവരണം ചെയ്യാനുള്ള സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിച്ചതിനുംശേഷം കഴിയുന്നത്ര വേഗത്തിൽ" എന്ന വാക്കുകളും അക്കവും ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(2) (1)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(1 എ) ഡീലിമിറ്റേഷൻ കമ്മീഷന്റെ നടത്തിപ്പിനായുള്ള ഉദ്യോഗസ്ഥർ, ക്വാറം ഉൾപ്പെടെയുള്ള യോഗ നടപടിക്രമങ്ങൾ ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ എന്നിവ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതാണ്.

(1 ബി) സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ അത് ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, സംവരണം ചെയ്യാനുള്ള സ്ഥാനങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിച്ചതിനുശേഷം പട്ടികജാതികൾക്കോ പട്ടികവർഗ്ഗങ്ങൾക്കോ സ്ത്രീകൾക്കോ സംവരണം ചെയ്യേണ്ടതായ നിയോജകമണ്ഡലമോ നിയോജകമണ്ഡലങ്ങളോ നീക്കിവയ്ക്കേണ്ടതാണ്.";

LIBRARY ARCHIVES Kerala Legislative Assembly

(3) (2)-ാം ഉപവകുപ്പിൽ—

(എ) "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾക്കു പകരം "ഡീലിമിറ്റേഷൻ കമ്മീഷൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (എ) ഖണ്ഡത്തിലെ "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റേയോ ഉദ്യോഗസ്ഥന്റേയോ നിർദ്ദേശങ്ങൾ" എന്ന വാക്കുകൾക്കു പകരം "ഡീലിമിറ്റേഷൻ കമ്മീഷന്റെ നിർദ്ദേശങ്ങൾ" എന്ന വാക്കുകളും "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അഥവാ ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾക്കുപകരം "ഡീലിമിറ്റേഷൻ കമ്മീഷൻ" എന്ന വാക്കുകളും ചേർക്കേണ്ടതാണ് ;

(സി) (സി) ഖണ്ഡത്തിലെ "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ അല്ലെങ്കിൽ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ലഭിക്കുന്ന എല്ലാ ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കേണ്ടതും" എന്ന വാക്കുകൾക്ക് പകരം ലഭിക്കുന്ന എല്ലാ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഡീലിമിറ്റേഷൻ കമ്മീഷൻ പരിഗണിക്കേണ്ടതും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ഡി) (ഡി) ഖണ്ഡത്തിൽ "അതിർത്തി നിർണ്ണയിക്കേണ്ടതും" എന്ന വാക്കുകൾക്കുശേഷം "ആകുന്നു" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(ഇ) നിലവിലുള്ള (ഇ), (എഫ്) എന്നീ ഖണ്ഡങ്ങൾക്ക് പകരം താഴെ പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(2എ) പട്ടികജാതികൾക്കും പട്ടികവർഗ്ഗങ്ങൾക്കും സ്ത്രീകൾക്കും സംവരണം ചെയ്യപ്പെടേണ്ടതായ നിയോജകമണ്ഡലങ്ങൾ ആവർത്തനക്രമമനുസരിച്ച് ഏത് നിയോജകമണ്ഡലത്തിലേക്കാണ് നൽകേണ്ടതെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഇതിലേക്കായി വിജ്ഞാപനംവഴി നിശ്ചയിക്കുന്ന സമയത്തും തീയതിയിലും, സ്ഥലത്തും വച്ചും കമ്മീഷൻ ഇതിലേക്കായി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ തീരുമാനിക്കേണ്ടതാണ്.

(2ബി) (2എ) ഉപവകുപ്പ് പ്രകാരം നടത്തിയ നറുക്കെടുപ്പിനുശേഷം പട്ടികജാതികൾക്കോ പട്ടികവർഗ്ഗങ്ങൾക്കോ അല്ലെങ്കിൽ സ്ത്രീകൾക്കോ ആയി സംവരണം ചെയ്യപ്പെട്ട നിയോജകമണ്ഡലം തീരുമാനിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ പുറപ്പെടുവിക്കേണ്ടതാണ്.";

(4) (3)-ാം ഉപവകുപ്പിൽ "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾക്കുശേഷം "അല്ലെങ്കിൽ ഡീലിമിറ്റേഷൻ കമ്മീഷനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(5) (4)-ാം ഉപവകുപ്പിൽ "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾ വരുന്ന രണ്ട് സ്ഥലങ്ങളിലും "ഡീലിമിറ്റേഷൻ കമ്മീഷൻ" എന്ന വാക്കുകൾ പകരം ചേർക്കേണ്ടതാണ്;

LIBRARY ARCHIVES Kerala Legislative Assembly

6. 10എ വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 10എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

7. 11-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 11-ാം വകുപ്പിൽ "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനോ അത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾക്കുശേഷം "അല്ലെങ്കിൽ ഡീലിമിറ്റേഷൻ കമ്മീഷനോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. റദ്ദാക്കലും ഒഴിവാക്കലും.—(1) 2005-ലെ തദ്ദേശ സ്വയംഭരണ സ്ഥാപന നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിലെ (2005-ലെ 3) 3-ാം വകുപ്പ് ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

[Translation in English of the "2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 3 OF 2005

## THE KERALA PANCHAYAT RAJ (AMENDMENT) ACT, 2005

*An Act further to amend the Kerala Panchayat Raj Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Panchayat Raj Act, 1994 (13 of 1994), for the purposes hereinafter appearing;

BE it enacted in the Fifty-sixth year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Panchayat Raj (Amendment) Act, 2005.

(2) It shall be deemed to have come into force on the 10th day of January, 2005.

2. *Amendment of section 7.*—In the Kerala Panchayat Raj Act, 1994 (13 of 1994) (hereinafter referred to as the principal Act), in section 7,—

(1) in sub-section (4), for the words and figures "under section 10" the words and figures "under sub-section (1B) of section 10" shall be substituted;

(2) in sub-section (6), for the words and figures "under section 10" the words and figures "under sub-section (1B) of section 10" shall be substituted;

3. *Amendment of section 8.*—In section 8 of the principal Act,—

(1) in sub-section (4), for the words and figures "under section 10" the words and figures "under sub-section (1B) of section 10" shall be substituted;

(2) in sub-section (6), for the words and figures "under section 10" the words and figures "under sub-section (1B) of section 10" shall be substituted;

4. *Amendment of section 9.*—In section 9 of the principal Act,—

(1) in sub-section (4), for the words and figures "under section 10" the words and figures "under sub-section (1B) of section 10" shall be substituted;

(2) in sub-section (6), for the words and figures "under section 10" the words and figures "under sub-section (1B) of section 10" shall be substituted;

LIBRARY ARCHIVES Kerala Legislative Assembly

5. *Amendment of section 10.*—In section 10 of the principal Act,—

(1) in sub-section (1),—

(a) for the words and figures "As soon as may be, after fixing the strength of a Panchayat at any level under section 6 and after determining the number of seats to be reserved for Scheduled Castes, Scheduled Tribes and for Women, the State Election Commission or the Officer authorised by it in this behalf shall", the words and figures "The Government shall by notification in the Gazette, constitute a Delimitation Commission consisting of the State Election Commission as the Chairman and four Officers, not below the rank of Secretary to Government, as members. The said Delimitation Commission shall, as soon as may be after fixing the strength of a Panchayat at any level under section 6 and after determining the number of seats to be reserved for Scheduled Castes, Scheduled Tribes and for Women", shall be substituted;

(b) clause (b) shall be omitted;

(2) after sub-section (1), the following sub-sections shall be inserted, namely:—

"(1A) The Officers for the functioning of the Delimitation Commission, procedure for the conduct of meeting including quorum and other related matters shall be such, as may be prescribed.

(1B) The State Election Commission or the Officer authorised by it in this behalf shall, on determination by the Government of the number of seats to be reserved, earmarked the constituency or constituencies to be reserved for Scheduled Castes, Scheduled Tribes or Women.";

(3) in sub-section (2),—

(a) for the words "the State Election Commission or the Officer authorised by it", the words "the Delimitation Commission" shall be substituted;

(b) in clause (a) for the words "the proposals of the State Election Commission or the Officer", the words "the proposals of the Delimitation Commission" and for the words "by it or by him", the words "by it" shall respectively, be substituted;

(c) in clause (c) for the words "the State Election Commission or the Officer authorised by it", the words "the Delimitation Commission" shall be substituted;

(d) in clasue (d) for the punctuation ";" the punctuation "." shall be substituted;

(e) for the existing clauses (e) and (f) the following sub-sections shall be substituted, namely:—

LIBRARY ARCHIVES Kerala Legislative Assembly

"(2A) The Officer authorised by the State Election Commission in this behalf shall determine, as to which constituency, the constituencies reserved for Scheduled Castes, Scheduled Tribes or Women shall be allotted according to rotation, by draw of lots at the time, date and place fixed by the Commission in this behalf, by notification.

(2B) After the drew of lots under sub-section (2A), the State Election Commission or the Officer authorised by it shall issue an order determining the constituency reserved for the Scheduled Caste, Scheduled Tribes or Women.";

(4) in sub-section (3), after the words "the State Election Commission or the Officer authorised by it", the words "or the Delimitation Commission" shall be inserted;

(5) in sub-section (4) for the words "the State Election Commission or the Officer authorised by it", occurring at both places, the words "the Delimitation Commission" shall be substituted.

6. *Omission of section 10A.*—Section 10A of the principal Act shall be omitted.

7. *Amendment of section 11.*—In section 11 of the principal Act, after the words "the State Election Commission or the Officer authorised by it", the words "or the Delimitation Commission" shall be inserted.

8. *Repeal and saving.*—(1) Section 3 of the Local Self Government Institution Laws (Amendment) Ordinance, 2005 (3 of 2005), is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance, shall be deemed to have been done or taken under the principal Act as amended by this Act.

LIBRARY ARCHIVES Kerala Legislative Assembly